19/01/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 105(2)/2022**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **1456**/എസ്.ഐ.സി-ജി 6/22)
സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഗോപി കുഞ്ഞു പിള്ള നാരായണ പിള്ള,
C/o ഹരിദാസൻ കെ.,
(പവർ ഓഫ് അറ്റോർണി), ഹരിവിഹാർ,
മണക്കര, ശാസ്താംകോട്ട പി.ഒ.,,
പിൻ – 690 521.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സീനിയർ സൂപ്രണ്ട്,
സബ് കളക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ,
കൊല്ലം – 691 013.

2. അപ്പീൽ അധികാരി&
സബ് കളക്ടർ,
കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ,
കൊല്ലം – 691 013.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.09.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.09.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.12.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.01.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.01.2022 |
| ഹിയറിംഗ് നടന്ന തീയതി | 12.12.2022, കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 07.09.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാന്റെ സീനിയർ സിറ്റി സൺ മെയിന്റനൻസ് കേസുമായി ബന്ധപ്പെട്ട് ടി കാര്യാലയത്തിലെ K.D/C/170957/19 നമ്പർ ഫയലിലെ കേസ് റിക്കാർഡുകളുടെ പകർപ്പുകളും സൂം കോൺഫറൻസ് മൊഴികളുടെ പകർപ്പും തുടങ്ങി ചില വിവരങ്ങളാ ണ്.

ആയതിന് 24.09.2021ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടി യിൽ അതൃപ്തി രേഖപ്പെടുത്തി 08.12.2021ന് ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിച്ച ഒന്നാം അപ്പീൽ ടി ഓഫീസിൽ നിന്നും 16.12.2021നു റവന്യൂ ഡിവിഷണൽ ഓഫീസർ, കൊല്ലത്തിനു അപേക്ഷകനു നേരിട്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അയച്ചുകൊടുക്കുകയുമുണ്ടായി.

3. രണ്ടാം എതിർകക്ഷി 26.04.2022ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടിയ്ക്കെതിരെ ടിയാൻ അപ്പീൽ സമർപ്പിച്ചിട്ടു ണ്ടെന്നാണ്. ഹർജിക്കാരന്റെ അപേക്ഷ പ്രകാരമുള്ള ടി കാര്യാലയത്തിലെ ബന്ധപ്പെട്ട ഫയലിലെ രേഖകൾ 490 പേജുകൾ ഉള്ളതാണെന്നും ഫയലിലെ രേഖകൾക്കായി ടിയാന് ഈ കാര്യാലയത്തിൽ നേരിൽ ഹാജരായി ഫയൽ പരിശോധിച്ച് ആവശ്യമായ രേഖകൾ രേഖപ്പെടുത്തി നൽകാമെന്നും അല്ലാ ത്തപക്ഷം ഫയലിലെ രേഖകൾക്ക് ഒരു പേജിന് 2/- രൂപ നിരക്കിൽ 490 പേജുകൾക്ക് 980/- രൂപയും സൂം വഴി റിക്കാർഡ് ചെയ്യപ്പെട്ട മൊഴിയുടെ പകർപ്പ് സി.ഡി.രൂപത്തിൽ ലഭിക്കുന്നതിന് 50/- രൂപയും ട്രഷറിയിൽ ഒടുക്കി അസൽ ചെലാൻ ഹാജരാക്കുന്നതിന് ടി കാര്യാലയത്തിലെ എസ്.പി.ഐ.ഒ.& സീനിയർ സൂപ്രണ്ട് മറുപടി നൽകിയിരുന്നുവെന്നുമാണ്. ആയതുപ്രകാരം 22.10.2021ൽ 980/- രൂപയും 50/- രൂപയും ഒടുക്കു വരുത്തി

രസീത് 03.11.2021ന് ടി കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പേജുകളുള്ള രേഖകളുടെ പകർപ്പ് 15.11.2021ന് സാക്ഷ്യപ്പെടുത്തി ടി കാര്യാലയത്തിൽ സൂക്ഷിക്കുകയും സി.ഡി. ഉൾപ്പെടെയുള്ള രേഖകൾ ആയതിനാൽ ടി കാര്യാലയത്തിൽ നേരിൽ വന്ന് കൈപ്പറ്റുന്നതിലേയ്ക്കായി ചവറ വില്ലേജ് ഓഫീസർ മുഖേന ഹർജിക്കാരന് കത്തു നൽകിയിരുന്നുവെന്നാണ്. ഹർജിക്കാരൻ നിലവിൽ ഓസ്ട്രേലിയയിൽ താമസമായതിനാൽ ശ്രീ.അനന്തു തമ്പിയ്ക്ക് അറിയിപ്പ് നൽകിയതായി റിപ്പോർട്ടു ചെയ്തിരുന്നുവെന്നും തുടർന്ന് ശ്രീ.അനന്ദു എന്നയാൾ ടി കാര്യാലയത്തിൽ ഹാജരായിരുന്നതും എന്നാൽ ഹർജിക്കാരനല്ല എന്നു കണ്ട് രേഖകൾ കൈമാറുന്നതിന് കഴിയുകയില്ലെന്ന് ടി കാര്യാലയത്തിലെ എസ്.പി.ഐ.ഒ. അറിയിച്ചിട്ടുണ്ടെന്നാണ്.

ആയതിനെതിരെ ഹർജിക്കാരൻ ബഹു.ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ ടിയാന്റെ പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ.ഹരിദാസൻ കെ., ഹരി വിഹാർ, മനക്കര, ശാസ്താംകോട്ട(പി.ഒ.), കൊല്ലം–690521 എന്ന വ്യക്തി ഒന്നാം അപ്പീൽ സമർപ്പിക്കുകയും അപേക്ഷകന് രേഖകൾ കൈമാറണമെന്ന നിർദ്ദേശത്തോടെ ടി അപ്പീൽ ഈ കാര്യാലയത്തിലേയ്ക്ക് കൈമാറിയിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 28.02.2022ന് ഹാജരാകുന്നതിലേയ്ക്കായി ഹർജിക്കാരന് നോട്ടീസ് നൽകയിരുന്നതെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് വിശദമായ സ്റ്റേറ്റ്മെന്റ് നൽകുന്നതിന് ടി കാര്യാലയത്തിലെ എസ്.പി.ഐ.ഒ. & സീനിയർ സൂപ്രണ്ടിനും അറിയിപ്പ് നൽകിയിരുന്നുവെന്നുമാണ്.

കൂടാതെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള മേൽവിലാസത്തിൽ താമസമില്ലാത്ത സമയത്താണ് ടിയാന്റെ പേരിൽ ഒപ്പുവച്ച് 07.09.2021, 03.11.2021 എന്നീ തീയതികളിലെ അപേക്ഷകളും രണ്ട് ചെലാനുകളും ടി കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെടുത്തിയും ടി 4 രേഖകളിലുമുള്ള അപേക്ഷകന്റെ ഒപ്പ് വ്യത്യസ്തമാണെന്നും ശ്രീ.അനന്ദു തമ്പി എന്ന് സ്വയം പരിചയപ്പെടുത്തിയ വ്യക്തി ഈ കാര്യാലയത്തിൽ ഹാജരായി ടി രേഖകൾ നൽകണമെന്ന് വാക്കാൽ ആവശ്യപ്പെട്ടിരുന്നുവെന്നും ടിയാൻ അപേക്ഷകനല്ല എന്ന കാരണത്താൽ രേഖകൾ ടിയാന് നൽകാൻ കഴിയില്ല എന്ന്

മറുപടി നൽകിയതായും ടി കാര്യാലയത്തിൽ നിന്നും നൽകിയ കത്തിൽ അപ്പീൽ അധികാരിയുടെ വിവരങ്ങൾ നൽകിയിരുന്നെങ്കിലും ആയത് പരിഗ ണിക്കാതെയാണ് റവന്യൂ കമ്മീഷണറേറ്റിലെ ഒന്നാം അപ്പീൽ അധികാരിക്ക് മുക്ത്യാർ പേരുകാരനായ ശ്രീ.ഹരിദാസൻ കെ. പേരിൽ അപേക്ഷകൻ അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും അപേക്ഷയിലെയും അപ്പീലിലെയും മേൽ വിലാസങ്ങൾ വ്യത്യസ്ഥമാണെന്നും കൂടാതെ ടി മേൽ വിലാസം രേഖപ്പെ ടുത്തി കമ്മീഷന് രണ്ടാം അപ്പീലിന്റെ പകർപ്പിനൊപ്പം സമർപ്പിച്ച അപേക്ഷ കന്റെ പാസ്പോർട്ടിന്റെ ഫോട്ടോ കോപ്പിയിലെ ഒപ്പും ആയത് 08.01.2022 തീയതി വച്ച് സാക്ഷ്യപ്പെടുത്തിയ ഒപ്പും ഒന്നുതന്നെയാണെന്നും എന്നാൽ ടി കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷകളിലെയും ചെലാനുകളിലെയും ഒന്നും രണ്ടും അപ്പീൽ അപേക്ഷകളിലെയും ഒപ്പുകൾ വ്യത്യസ്ഥമായതി നാൽ ശ്രീ.കുഞ്ഞുപിള്ള നാരായണപിള്ള എന്ന കക്ഷിയല്ല വിവരാവകാശ അപേക്ഷയും അപ്പീൽ അപേക്ഷയും സമർപ്പിച്ചിട്ടുള്ളതെന്നും അപേക്ഷ യിലെ മേൽ വിലാസവും അപ്പീൽ അപേക്ഷയിലെ മേൽവിലാസവും വ്യത്യ സ്ഥമാണെന്നും ടി സാഹചര്യത്തിൽ ശ്രീ.കുഞ്ഞുപിള്ള നാരായണപിള്ള എന്ന കക്ഷിയല്ല വിവരാവകാശ അപേക്ഷയും അപ്പീൽ അപേക്ഷയും സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമായതിനാൽ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകണമെന്ന് കാണിച്ച് ടി കാര്യാലയത്തിലെ എസ്.പി.ഐ.ഒ. & സീനിയർ സൂപ്രണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നൽകിയിട്ടുണ്ടെന്നുമാണ്.

അപ്പീൽ ഹർജിയിൽ പരാമർശിച്ചിരുന്ന ശ്രീ.ഹരിദാസ് കെ. എന്ന കക്ഷി ടി കാര്യാലയത്തിൽ ഹാജരായി 2007ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനും സംരക്ഷണത്തിനുമായുള്ള നിയമം അനുസരിച്ച് ട്രൈബ്യൂണൽ മുമ്പാകെ ഹാജരാകുന്നതിനും ഹർജി കൾ നൽകുന്നതിനും നേർകാഴ്ചകളിൽ പങ്കെടുക്കുന്നതിനും മറ്റും അപേ ക്ഷകനായ ശ്രീ.ഗോപികുഞ്ഞുപിള്ള നാരായണ പിള്ള എന്ന കക്ഷി സർവ്വ മുക്ത്യാർ പ്രകാരം തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും ആയതി നാൽ ടി വിഷയത്തിന്റെ ഭാഗമായുള്ള 2005ലെ വിവരാവകാശ പ്രകാരമുള്ള രേഖകൾ ടിയാന് കൈമാറണമെന്നും ബോധിപ്പിച്ചിട്ടുള്ളതും ടിയാൻ ഹാജ രാക്കിയിട്ടുള്ള പവർ ഓഫ് അറ്റോർണിയിൽ ടിയാനെ മെയിന്റനൻസ്

ട്രൈബ്യൂണലുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ഹാജരാകാൻ അപേക്ഷകൻ അധികാരപ്പെടുത്തിയിട്ടുള്ള വിവരം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നുമാണ്.

ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ ടി കാര്യാലയത്തിലെ എസ്.പി.ഐ.ഒ.&സീനിയർ സൂപ്രണ്ട് സമർപ്പിച്ച സ്റ്റേറ്റ്മെന്റ്, നേർക്കാഴ്ചയിൽ നിന്നും ബോധ്യപ്പെട്ടത് പ്രകാരവും ശ്രീ.ഗോപികുഞ്ഞുപിള്ള നാരായണ പിള്ള എന്നയാൾ വിവരാവകാശ നിയമമനുസരിച്ച് നൽകിയ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതും ടി ഉത്തരവ് അനുസരിച്ച് അപേക്ഷാ കക്ഷിയുടെ സർവ്വ മുക്ത്യാർ പേരുകാരനായ ശാസ്താംകോട്ട മനക്കര ഹരി വിഹാറിൽ ശ്രീ.ഹരിദാസൻ.കെ യ്ക്ക് 490 പേജുകളുടെ പകർപ്പുകളും മൊഴി രേഖപ്പെടുത്തിയ സി.ഡി.യും കൈമാറിയിട്ടുള്ളതാണെന്ന വിവരവും റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് വിവരം നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 28–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/